REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി N. ചന്ദ്രബാബു നായിഡുവും ഒഡീഷ മുഖ്യമന്ത്രിയായി മുതിർന്ന BJP നേതാവ് മോഹൻ ചരൺ മാജിയും ഇന്ന് സത്യ പ്രതിജ്ഞ ചെയ്യും. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ പ്രമുഖർ സത്യപ്രതിജ്ഞാ ചടങ്ങുകളിൽ പങ്കെടുത്തേക്കും.
- ലെഫ്റ്റനന്റ് ജനറൽ ഉപേന്ദ്ര ദ്വിവേദി അടുത്ത കരസേനാ മേധാവി.
- സുസ്ഥിര വികസന നയമാണ് സംസ്ഥാനം പിന്തുടരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഇന്ന് ലോക ബാലവേല വിരുദ്ധ ദിനം.
- ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് അമേരിക്കയെ നേരിടും.

## വാർത്തകൾ വിശദമായി

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി നരാ ചന്ദ്രബാബു നായിഡു ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

രാവിലെ 11:27 ന് വിജയവാഡ അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപത്തെ കേസരപള്ളി ഐടി പാർക്കിലാണ് സത്യപ്രതിജ്ഞ ചടങ് സംഘടിപ്പിച്ചിരിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്

ഷായും നിരവധി പ്രമുഖരും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. നായിഡുവിനൊപ്പം ടിഡിപി, ജനസേന, ബിജെപി നേതാക്കളും മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്യും.

✪✪✪

മുതിർന്ന ബി.ജെ.പി നേതാവ് മോഹൻ ചരൺ മാജി ഒഡീഷ മുഖ്യമന്ത്രിയായി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഭുവനേശ്വറിലെ ജനതാ മൈതാനത്തിൽ വൈകീട്ടാണ് സത്യപ്രതിജ്ഞാ ചടങ്ങ്. പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തര മന്ത്രി അമിത്ഷാ, കേന്ദ്രമന്ത്രിമാരായ ജുവൽ ഓറം, അശ്വിനി വൈഷ്ണവ്, തുടങ്ങിയ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തേക്കും.

✪✪✪

മൂന്നാം തവണയും പ്രധാനമന്ത്രിയായി അധികാരമേറ്റതിന് അഭിനന്ദന സന്ദേശങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ലോക നേതാക്കൾക്ക് നന്ദി അറിയിച്ചു. ഊഷ്മളമായ ആശംസകൾക്ക് നന്ദിയുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

തെരഞ്ഞെടുപ്പു പ്രചാരണത്തിലൂടെ ഇന്ത്യയിലെ ജനങ്ങൾ തന്നോടു വാത്സല്യത്തിന്റെ അടയാളമായി 'മോദി കാ പരിവാർ' എന്ന് സോഷ്യൽ മീഡിയയിൽ ചേർത്തിട്ടുണ്ടെന്നും അതിൽ നിന്ന് തനിക്ക് വളരെയധികം ശക്തി ലഭിച്ചെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. രാജ്യത്തെ ജനങ്ങൾ തുടർച്ചയായ മൂന്നാം തവണയും NDA-യ്ക്ക് ഭൂരിപക്ഷം

നൽകിയെന്നും, രാജ്യത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കാൻ ജനവിധി നൽകിയെന്നും മോദി സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു. നാമെല്ലാവരും ഒരു കുടുംബമാണെന്ന സന്ദേശം ഫലപ്രദമായി കൈമാറിയതായി പറഞ്ഞ മോദി ജനങ്ങൾക്ക് നന്ദി പറയുകയും അവരുടെ സാമൂഹിക മാധ്യമങ്ങളിൽ നിന്ന് 'മോദി കാ പരിവാർ' നീക്കം ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

✪✪✪

കേന്ദ്ര മന്ത്രി സ്ഥാനമേറ്റ ശേഷം കോഴിക്കോട്ടെത്തിയ സുരേഷ് ഗോപിക്ക് ഉജ്വല സ്വീകരണം നൽകി. ഇന്നലെ രാത്രി കരിപ്പൂർ വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തെ BJP സംസ്ഥാന ജനറൽ സെക്രട്ടറി M.T രമേശിന്റെ നേതൃത്വത്തിൽ നേതാക്കളും പ്രവർത്തകരും ചേർന്ന് സ്വീകരിച്ചു. രാവിലെ BJP ജില്ലാ കമ്മറ്റി ഓഫീസായ മാരാർജി ഭവനിലെ സന്ദർശനത്തിന് ശേഷം സുരേഷ് ഗോപി കണ്ണൂരിലേക്ക് പോകും.

✪✪✪

കരസേനാ മേധാവിയായി ലെഫ്റ്റനന്റ് ജനറൽ ഉപേന്ദ്ര ദ്വിവേദിയെ നിയമിച്ചു. ഈ മാസം 30 ന് അദ്ദേഹം ചുമതലയേൽക്കും. ഒരു മാസത്തേക്ക് കാലാവധി നീട്ടി നൽകിയ കരസേനാ മേധാവി ജനറൽ മനോജ് സി പാണ്ഡെ വിരമിക്കുന്ന ഒഴിവിലാണ് നിയമനം.

1964 ജൂലൈ 1-ന് ജനിച്ച ലെഫ്റ്റനന്റ് ജനറൽ ഉപേന്ദ്ര ദ്വിവേദി 1984 ഡിസംബർ 15-ന് ജമ്മു കശ്മീർ റൈഫിൾസിലൂടെയാണ് സൈന്യത്തിന്റെ ഭാഗമായത്.

പരം വിശിഷ്ട സേവാ മെഡൽ, അതി വിശിഷ്ട സേവാ മെഡൽ, തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

✪✪✪

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അന്താരാഷ്ട്ര യോഗ ദിവസ് മീഡിയ സമ്മാൻ- AYDMS - മൂന്നാം പതിപ്പ് പ്രഖ്യാപിച്ചു. ഈ വർഷം മൂന്ന് വിഭാഗങ്ങളിലായി മുപ്പത്തിമൂന്ന് അവാർഡുകളോ സമ്മാനങ്ങളോ നൽകുമെന്ന് മന്ത്രാലയം അറിയിച്ചു. ഇരുപത്തിരണ്ട് ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും പ്രിന്റ്, ടെലിവിഷൻ, റേഡിയോ എന്നീ വിഭാഗങ്ങളിലാണ് സമ്മാനങ്ങൾ നൽകുന്നത്. മന്ത്രാലയത്തിന്റെ രജിസ്ട്രേഷനോ അനുമതിയോ ലഭിച്ച പ്രിന്റ് മീഡിയ, റേഡിയോ, ടെലിവിഷൻ ഉൾപ്പെടെ എല്ലാ മാധ്യമ സ്ഥാപനങ്ങൾക്കും കമ്പനികൾക്കും അവാർഡുകൾ ലഭ്യമാണ്. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി അടുത്ത മാസം 8 ആണ്.

ഇന്ത്യയിലും വിദേശത്തും യോഗയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങളുടെ ക്രിയാത്മകമായ പങ്കും ഉത്തരവാദിത്തവും അംഗീകരിക്കുന്നതിനാണ് 2019 ൽ AYDMS ആദ്യമായി സ്ഥാപിതമായത്.

✪✪✪

ജമ്മുകശ്മീരിലെ കത്വ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഭീകരൻ കൊല്ലപ്പെട്ടു. ഗ്രാമത്തിൽ ഭീകരർ ക്യാമ്പ് ചെയ്യുന്നുണ്ടെന്ന രഹസ്യവിവരത്തെത്തുടർന്ന് നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. പ്രദേശത്ത് തിരച്ചിൽ തുടരുകയാണ്.

✪✪✪

സംസ്ഥാനം പിന്തുടരുന്നത് സുസ്ഥിര വികസന നയമാണെന്നും വ്യവസായങ്ങളും അടിസ്ഥാന സൗകര്യങ്ങളും വിപുലപ്പെടുത്തുന്നതിനൊപ്പം പ്രകൃതിയെക്കൂടി മുന്നിൽ ക്കണ്ട് ദ്വിമുഖ സമീപനമാണ് നാം സ്വീകരിക്കേണ്ടതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലോക പരിസ്ഥിതി ദിനാചരണം തിരുവനന്തപുരം വെള്ളാറിലെ കേരള ആർട്ട്സ് ആന്റ് ക്രാഫ്റ്റ്സ് വില്ലേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

പരമ്പരാഗത മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്കൊപ്പം ആധുനിക സങ്കേതങ്ങൾ കൂടി യോജിപ്പിച്ചു മുന്നേറാൻ നമുക്ക് കഴിയണം. 21 നദികളുടെ മലിനീകരിക്കപ്പെട്ട ഭാഗം പുനരുജ്ജീവിപ്പിക്കാൻ തയ്യാറാക്കിയ കർമ്മപദ്ധതി നടപ്പാക്കുന്നതിന് നേതൃത്വം നൽകുന്നത് മലിനീകരണ നിയന്ത്രണ ബോർഡാണ്. ഇതിൽ 11 നദികളുടെ ജലഗുണനിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ഇന്ന് ലോക ബാലവേല വിരുദ്ധ ദിനം. ബാലവേല തടയുന്നതിനാണ് എല്ലാ വർഷവും ജൂൺ 12 ലോക ബാലവേല വിരുദ്ധ ദിനമായി ആചരിക്കുന്നത്. ബാലവേല അവസാനിപ്പിക്കാൻ നമുക്ക് പ്രതിബദ്ധതയോടെ പ്രവർത്തിക്കാം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഡസ്ക്ക് റിപ്പോർട്ട്

വോയ്സ്

ലോക ബാലവേല വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് ബാലവേല ഉന്മൂലനം ചെയ്യുന്നതിന് ഒരു വർഷത്തെ സമഗ്രമായ കർമപദ്ധതിക്ക് തൊഴിൽ വകുപ്പ് തുടക്കമിടും. പദ്ധതിയിൽ ബാലവേലയ്ക്കെതിരെ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിക്കും. പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും ബാലവേല വിരുദ്ധ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി വി ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.

പദ്ധതിയുടെ ഭാഗമായി ബാലവേല കണ്ടെത്തുന്നതിനും ഇല്ലാതാക്കുന്നതിനുമായി ജോലിസ്ഥലങ്ങളിൽ സമഗ്ര പരിശോധനകൾ നടത്തും. ബാലവേലയ്ക്കെതിരായ നിയമങ്ങളെക്കുറിച്ചും ദോഷഫലങ്ങളെക്കുറിച്ചും പൊതുജനങ്ങളെയും തൊഴിലുടമകളെയും കുട്ടികളെയും ബോധവത്കരിക്കുന്നതിന് സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്.

കുട്ടികളുടെ സംരക്ഷണത്തിൽ വൈദഗ്ധ്യവും വിഭവങ്ങളും പ്രയോജനപ്പെടുത്തുന്നതിന് ഗവൺമെന്റിതര സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കാനാണ് തൊഴിൽ വകുപ്പ് ലക്ഷ്യമിടുന്നത്.

✪✪✪

ദിനത്തോടനുബന്ധിച്ചു പാൻ-ഇന്ത്യ റെസ്ക്യൂ ആൻഡ് റീഹാബിലിറ്റേഷൻ ക്യാമ്പയിനിന്റെ ഭാഗമായി കോഴിക്കോട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് ശരണബാല്യം പദ്ധതിയുടെ നേതൃത്വത്തിൽ ജില്ലയിൽ പരിശോധന തുടങ്ങി. ബാലവേല നിർമാർജ്ജനം ലക്ഷ്യമിട്ടാണ് പരിശോധന. പുതിയ ബസ്സ്റ്റാന്റ് പരിസരത്തെ ഹോട്ടലുകൾ, നല്ലളം റഹ്മാൻ ബസാർ ഭാഗത്തെ നിർമാണ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു പരിശോധന.

✪✪✪

ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് അമേരിക്കയെ നേരിടും. ന്യൂയോർക്കിലെ നാസൗ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മൽസരം. കഴിഞ്ഞ രണ്ട് മത്സരങ്ങളിലും തോൽവി അറിയാതെയാണ് ഇരു ടീമുകളും മത്സരത്തിനിറങ്ങുന്നത്. പാക്കിസ്ഥാനേയും അയർലന്റിനേയും പരാജയപ്പെടുത്തിയ ആത്മവിശ്വാസത്തിലാണ് ഇന്ത്യ ഇന്ന് കളിക്കളത്തിലിറങ്ങുന്നത്. കാനഡയേയും പാക്കിസ്ഥാനേയുമാണ് അമേരിക്ക തോൽപ്പിച്ചത്.

ഇന്ന് മറ്റു മത്സരങ്ങളിൽ ഓസ്ട്രേലിയ നമീബിയയെയും ശ്രീലങ്ക നേപ്പാളിനെയും നേരിടും.

ഇന്നലെ രാത്രി നടന്ന മത്സരത്തിൽ പാക്കിസ്ഥാൻ കാനഡയെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോൾ 2026 AFC യോഗ്യത റൗണ്ടിൽ ഇന്ത്യക്ക് തോൽവി. ദോഹയിൽ നിലവിലെ ഏഷ്യൻ ചാമ്പ്യന്മാരായ ഖത്തറിനോട് ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് ഇന്ത്യ പരാജയപ്പെട്ടത്. ഇതോടെ 2027-ലെ AFC ഏഷ്യൻ കപ്പിന് ഇന്ത്യക്ക് യോഗ്യത നഷ്ടമായി.

✪✪✪

ലോകസഭാ തെരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം നേടിയ രാഹുൽഗാന്ധി വോട്ടർമാർക്ക് നന്ദി പറയാൻ ഇന്ന് വയനാട്ടിൽ എത്തും. രാവിലെ മലപ്പുറം ജില്ലയിലെ എടവണ്ണയിലും ഉച്ച കഴിഞ്ഞ് കൽപ്പറ്റ പുതിയ ബസ്സ്റ്റാൻഡ് പരിസരത്തും UDF പ്രവർത്തകർ രാഹുൽഗാന്ധിക്ക് സ്വീകരണം നൽകും. കോൺഗ്രസ് പ്രവർത്തകസമിതി അംഗം പ്രിയങ്ക ഗാന്ധി, സംഘടനാ ചുമതല വഹിക്കുന്ന ജനറൽ സെക്രട്ടറി K.C വേണുഗോപാൽ തുടങ്ങിയ നേതാക്കളും സ്വീകരണ യോഗത്തിൽ പങ്കെടുക്കുമെന്ന് യു.ഡി.എഫ്. അറിയിച്ചു.

✪✪✪

വടകര മണ്ഡലത്തിലെ കുറ്റ്യാടിയിലും മണിയൂരിലും യുഡിഎഫ് പ്രവർത്തകരുടെ വീടുകളിൽ സ്ഫോടകവസ്തു ആക്രമണം നടത്തിയ സംഭവത്തിൽ ഊർജ്ജിത അന്വേഷണം നടത്തി പ്രതികളെ ഉടൻ പിടികൂടണമെന്ന് കോഴിക്കോട് DCC

പ്രസിഡന്റ് കെ. പ്രവീൺ കുമാർ ആവശ്യപ്പെട്ടു. വിഷയത്തിൽ UDF പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തദ്ദേശ സ്ഥാപനങ്ങളിലെ വോട്ടർ പട്ടികയിലെ അപാകതകൾ പരിഹരിക്കണമെന്നും വാർഡ് വിഭജനത്തിൽ മാനദണ്ഡങ്ങൾ പാലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എയിംസിനും ബേപ്പൂർ തുറമുഖ വികസനത്തിനും പ്രഥമ പരിഗണന നൽകുമെന്ന് നിയുക്ത കോഴിക്കോട് M.P എം കെ രാഘവൻ പറഞ്ഞു. കാലിക്കറ്റ് പ്രസ്സ് ക്ലബ്ബിന്റെ മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കിനാലൂരിൽ എയിംസിനായി ഗവൺമെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും രാഘവൻ അറിയിച്ചു.

പ്ലസ് വൺ പ്രവേശനത്തിന്റെ മെറിറ്റ് ക്വാട്ടയുടെ മുഖ്യഘട്ടത്തിലെ രണ്ടാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഇന്ന് രാവിലെ 10 മുതൽ നാളെ വൈകിട്ട് അഞ്ചു വരെയാണ് പ്രവേശനം.

വൊക്കേഷണൽ ഹയർസെക്കൻഡറി എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത കോഴ്സുകളിലേക്കു ഒന്നാംവർഷ ഏകജാലക പ്രവേശനത്തിന് രണ്ടാം അലോട്ട്മെന്റും പ്രസിദ്ധീകരിച്ചു.

നാളെ വൈകിട്ട് നാലുവരെ അലോട്ട്മെന്റ് ലഭിച്ച സ്കൂളുകളിൽ പ്രവേശനം നേടാം.

⭘⭘⭘

ശക്തമായ മഴക്ക് സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

ഇന്നും നാളെയും കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

⭘⭘⭘

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച സൈറണുകളുടെ പ്രവർത്തന പരീക്ഷണത്തിന്റെ ആദ്യഘട്ടം പൂർത്തിയായി. 86 സൈറണുകളുടെ പ്രവർത്തന പരീക്ഷണമാണ് ഇന്നലെ വിവിധ സമയങ്ങളിലായി പൂർത്തീകരിച്ചത്.

14 ജില്ലകളിലുമായി സ്കൂളുകൾ, മറ്റ് പൊതുകെട്ടിടങ്ങൾ എന്നിവയിൽ സ്ഥാപിച്ച സൈറണുകളാണ് വിജയകരമായി പരീക്ഷിച്ചത്.

83 സൈറണുകൾ പൂർണ്ണമായി പ്രവർത്തിച്ചു നെറ്റ് വർക്ക് തകരാറുകൾ കാരണം പ്രവർത്തിപ്പിക്കാൻ കഴിയാതിരുന്ന 3 സൈറണുകൾ തകരാറുകൾ പരിഹരിച്ചു അടുത്ത ദിവസങ്ങളിൽ വീണ്ടും പരീക്ഷിക്കും.

ശബ്ദക്കുറവ് റിപ്പോർട്ട് ചെയ്ത 3 സൈറണുകൾ കൂടി വീണ്ടും പരീക്ഷിക്കുന്നതാണെന്നുംസംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

✪✪✪

1978ൽ നടപ്പാക്കിയ ചുമട്ടുതൊഴിലാളി നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്തണമെന്ന് കേരള സ്റ്റേറ്റ് ആൻഡ് ജനറൽ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡൻറ് K.V രാഘവൻ കണ്ണൂരിൽ ആവശ്യപ്പെട്ടു ഇതു സംബന്ധിച്ച് മുഖ്യമന്ത്രിക്കും തൊഴിൽ മന്ത്രിക്കും അദ്ദേഹം നിവേദനം നൽകി.

✪✪✪

ഇടുക്കി മൂന്നാർ മാങ്കുളത്ത് വയോധികനെ വീടിനുള്ളിൽ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് തെളിഞ്ഞു. മാങ്കുളം മുപ്പത്തിമൂന്ന് പാറേകുടിയിൽ തങ്കച്ചനാണ് മരിച്ചത്. കേസിൽ മകൻ ബിബിനെ മൂന്നാർ പോലീസ് അറെസ്റ്റ് ചെയ്തു.

✪✪✪

കണ്ണൂർ ചെറുകുന്നിലെ ഒരു സ്വകാര്യ ആശുപത്രിയിൽ വനിതാ നഴ്സിനെ ആക്രമിച്ച കേസിൽ പ്രതി അറസ്റ്റിൽ.

**ചെറുകുന്ന് പൂങ്കാവ് സ്വദേശി ജിജിൻ ഫെലിക്സ് ആണ് അറസ്റ്റിലായത്.**